പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 16 09.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി-യെ സംരക്ഷിക്കാൻ നടപടി

ചോദ്യം

ശ്രീ. വി. ശിവൻകുട്ടി :
" എളമരം കരീം :
" പി. കെ. ഗുരുദാസൻ :
" കെ. രാധാകൃഷ്ണൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന റോഡ് ട്രാൻസ് പോർട്ട് കോർപ്പറേഷൻ അഭിമുഖീ കരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനോ പരിഹാര മാർഗ്ഗ ങ്ങൾ കണ്ടെത്തുവാനോ ശ്രമിച്ചി ട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോർപ്പറേഷൻ ഇപ്പോഴത്തെ നില യിൽ തകർച്ചയിലാവാനുള്ള പ്രമുഖ കാരണങ്ങൾ എന്തെല്ലാമാ ണെന്ന് അറിയിക്കുമോ; | (ബി) | 1) ഡീസൽ, ടയർ, സ്പെയർ പാർട്സ് എന്നിവയുടെ അഭൂത പൂർവമായ വില ക്കയറ്റം (പ്രത്യേകിച്ച് ഡീസലിന്റെ വില) ഇപ്പോഴത്തെ നിലയിൽ തകർച്ചയിലാകാ നുള്ള പ്രമുഖ കാരണങ്ങളിൽ ഒന്നാണ്.<br>2) പൊതുജന സേവനാർത്ഥം ലാഭകര മല്ലാത്ത റൂട്ടുകളിൽ കൂടി സർവീസുകൾ നടത്തേണ്ടി വരുന്നത്.<br>3) പെൻഷൻ നല്കുന്നതിനുവേണ്ടി കടം വാങ്ങേണ്ടി വരുന്നത്. |
| (സി) | കോർപ്പറേഷനെ തകർച്ചയിൽ നിന്നും രക്ഷിക്കാനും ശക്തിപ്പെ ടുത്താനും സ്വീകരിക്കാനുദ്ദേശി ക്കുന്ന നടപടികൾ വിശദമാ ക്കാമോ; | (സി) | 1) കോർപ്പറേഷനെ തകർച്ചയിൽ നിന്നും കരകയറ്റി പുനരുദ്ധരിച്ച് ലാഭത്തിന്റെ പാതയിലേക്ക് എത്തിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2) അഞ്ചു വർഷ കാലാവധി പൂർത്തിയായ സൂപ്പർ ക്ലാസ് വാഹനങ്ങൾ മാറ്റി നല്കുന്നതിനും സ്ക്രാപ്പ് ചെയ്യപ്പെട്ട വാഹനങ്ങൾക്ക് പകരം നല്കുന്നതിനും ആരോഗ്യകരമായ ഒരു ഫ്ളീറ്റ് നില നിർത്തുന്നതിന് ബസുകളുടെ ആയുർ ദൈർഘ്യം പന്ത്രണ്ട് വർഷമായി കുറ യ്ക്കുന്നതിനും വേണ്ടി 1500 ചേസിസ് വാങ്ങുന്നതിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.<br>3) വരുമാനം കുറഞ്ഞ സർവീസുകൾ ലാഭ കരമാക്കുന്നതിനുവേണ്ടി ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.<br>4) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>5) 25 ലക്ഷത്തിനുമേൽ വിലവരുന്ന ടെണ്ടറു കൾ എല്ലാം തന്നെ e-tender സംവിധാനം വഴിയാണ് നടത്തുന്നത്. |
| (ഡി) | പുതുതായി വാങ്ങുമെന്ന് പ്രഖ്യാ പിച്ച ബസ്സുകൾ വാങ്ങിയിട്ടുണ്ടോ എന്നും കോർപ്പറേഷന്റെ കടഭാരം സംസ്ഥാനസർക്കാർ ഏറ്റെടുത്തിട്ടു ണ്ടോയെന്നും അറിയിക്കുമോ; | (ഡി) | കോർപ്പറേഷന്റെ ആധുനിക വത്കരണത്തി ന്റെ ഭാഗമായി പത്ത് മൾട്ടി ആക്സിൽ VOLVO എ.സി ബസ്സുകൾ വാങ്ങി, അന്തർ സംസ്ഥാന സർവ്വീസ് നടത്തിപ്പിനായി അനുവദിച്ചിട്ടുണ്ട്. പുതുതായി 1,500 ബസ്സു കൾ വാങ്ങുന്നതിലേക്കായി കോർപ്പറേഷൻ HUDCO-യെ സമീപിക്കുകയും HUDCO വായ്പ ലഭ്യമാക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരമുള്ള നടപടി ക്രമങ്ങൾ നടന്നുവരികയാണ്. കോർപ്പ റേഷന് സർക്കാർ 31.03.2013 വരെ അനു വദിച്ചിട്ടുള്ള വായ്പതുകയായ 665.50 കോടി (അറുന്നൂറ്റി അറുപത്തഞ്ച് കോടി അൻപത് ലക്ഷം) രൂപ സർക്കാർ മൂലധന |

| | | | |
|---|---|---|---|
| | | | നിക്ഷേപമാക്കി മാറ്റുന്നത് സംബന്ധിച്ച നിർദ്ദേശം പുനരുദ്ധാരണ പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഇ) | യാത്രാസൗജന്യങ്ങളുടെയും മറ്റും പേരിൽ കെ.എസ്.ആർ.ടി.സി വഹിക്കുന്ന നഷ്ടം മടക്കി നൽകാൻ സർക്കാർ തയ്യാറാകുമോ? | (ഇ) | കെ.എസ്.ആർ.ടി.സി.ക്ക് ഉചിതവും സാധ്യവുമായ സാമ്പത്തിക സഹായം സർക്കാർ നൽകി വരുന്നുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 59 കോടി രൂപയും ലോണിനത്തിൽ 125 കോടി രൂപയുമാണ് ബജറ്റിൽ കെ.എസ്.ആർ. ടി.സി.ക്ക് വകയിരുത്തിയിരുന്നത്. ഈ തുക കൂടാതെ, കോർപ്പറേഷന്റെ ഗുരുതര മായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് അധിക സാമ്പത്തിക സഹായമായി 300 കോടി രൂപ (മുന്നൂറു കോടി രൂപ മാത്രം) കെ.എസ്.ആർ.ടി.സി.ക്ക് 2013-14 സാമ്പത്തിക വർഷത്തിൽ സർക്കാർ നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ യാത്രാസൗജന്യങ്ങളുടെ പേരിലുള്ള നഷ്ടം നികത്തുന്നതിന് പ്രത്യേകമായി ധനസഹായം നൽകുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ